ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം ഒന്നാംഘട്ട വികസന പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരും തുടർന്നുള്ള ഘട്ടങ്ങളിൽ ഫീസിബിലിറ്റിയ്ക്കനുസൃതമായി ടി തുറമുഖം വികസിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന് തീരുമാന മെടുക്കാവുന്നതാണെന്ന് ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. അതനുസരിച്ച് അഴീക്കൽ തുറമുഖ വികസനം സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. തുറമുഖ വികസനത്തിനായി കേന്ദ്ര സഹായം ഒന്നും ലഭിച്ചിട്ടില്ല.

സ്പോർട്സ് താരങ്ങൾക്കുള്ള സാമ്പത്തിക സഹായം

29 (*599) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് താരങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ;

(ബി) ധനസഹായങ്ങളും, സ്പോർട്സ് മേഖലയിലെ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റും മറ്റ് സാമ്പത്തിക സഹായങ്ങളും ഇലക്ട്രോണിക് ട്രാൻസ്ഫർ മെക്കാനിസംവഴി വിതരണം ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) സ്പോർട്സ് താരങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ ഡിമാന്റ് ഡ്രാഫ്റ്റ് മുഖേനയും A/c Payee ചെക്ക് മുഖേനയുമാണ് വിതരണം ചെയ്യുന്നത്.

(ബി & സി) കായികതാരങ്ങൾക്ക് നൽകുന്ന ധനസഹായങ്ങളും സ്പോർട്സ് മേഖലയിലെ സ്ഥാപനങ്ങൾക്ക് ഗ്രാന്റും മറ്റു സാമ്പത്തിക സഹായങ്ങളും ഇലക്ട്രോണിക് ട്രാൻസ്ഫർ മെക്കാനിസംവഴി വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വൈദഗ്ദ്ധ്യം ഉപയോഗിക്കാനുള്ള പദ്ധതി

30 (*600) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിൽനിന്നും വിരമിച്ചവരുടെ വൈദഗ്ദ്ധ്യം സംസ്ഥാനത്തിന് ഉപയോഗിക്കാനുള്ള പദ്ധതിയുടെ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly